"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ഫാം ഇൻഫർമേഷൻ ബ്യൂറോ -ഞാറ്റുവേല റേഡിയോ വിഭാഗത്തിൽ കരാർ അടിസ്ഥാനത്തിൽ പ്രോഗ്രാം അസിസ്റ്റന്റ്മാരായി ജോലി ചെയ്തുവരുന്ന ശ്രീ ജി.ആർ സഞ്ജയ് ലാൽ, ശ്രീമതി സുജിത കുമാരി എസ്, എന്നിവരുടെ കരാർ കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**കൃഷി ( ഇ ബി )വകുപ്പ്**

സ.ഉ.(സാധാ) നം.40/2025/AGRI തീയതി,തിരുവനന്തപുരം, 23-01-2025

---

പരാമർശം:-

1. 09/07/2019-ലെ സ.ഉ(പി) 81/2019/ധന നമ്പർ സർക്കാർ ഉത്തരവ്
2. 11/02/2021- ലെ സ.ഉ(പി.) നം.29/2021/ധന നമ്പർ സർക്കാർ ഉത്തരവ്
3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 05/11/2024 തീയതിയിലെ ADFW/11748/2024-TV1 നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ഫാം ഇൻഫർമേഷൻ ബ്യൂറോയിലെ ഞാറ്റുവേല റേഡിയോ വിഭാഗത്തിൽ കരാർ അടിസ്ഥാനത്തിൽ പ്രോഗ്രാം അസിസ്റ്റന്റ്മാരായി ജോലി ചെയ്തുവരുന്ന ശ്രീ ജി.ആർ സഞ്ജയ് ലാൽ, ശ്രീമതി സുജിത കുമാരി എസ്, എന്നിവരുടെ കരാർ കാലാവധി 09/01/2025 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നല്കുന്നതിന് അനുമതി നല്കണമെന്ന് അഭ്യർത്ഥിച്ച് കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം(3) പ്രകാരം പ്രൊപോസൽ സമർപ്പിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഫാം ഇൻഫർമേഷൻ ബ്യൂറോയിലെ പ്രോഗ്രാം അസിസ്റ്റന്റ്മാരായി ജോലി ചെയ്തുവരുന്ന ശ്രീ ജി.ആർ സഞ്ജയ് ലാൽ, ശ്രീമതി സുജിത കുമാരി എസ്, എന്നിവരുടെ കരാർ കാലാവധി, മുൻകാല സേവനത്തിന് യാതൊരു അവകാശ വാദവും ഉന്നയിക്കുന്നതല്ലായെന്ന വ്യവസ്ഥയ്ക്കും സൂചന (1) ഉത്തരവിലെ വ്യവസ്ഥയ്ക്കും സൂചന (2) ഉത്തരവിന്റെ അനുബന്ധത്തിലെ കാറ്റഗറി V ന് ബാധകമായ വ്യവസ്ഥയ്ക്കും വിധേയമായി കരാർ കാലാവധി കഴിഞ്ഞ് ഒരു ദിവസത്തെ ഇടവേള നൽകി 9/1/2025 മുതൽ ഒരു വർഷത്തേയ്ക്ക് മാത്രമായി ദീർഘിപ്പിച്ച് നൽകുന്നതിന് ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ.മനോജ് കുമാർ
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്) (എ&ഇ), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (ധനകാര്യ (അഗ്രി -എ) വകുപ്പിന്റെ **01/01/2025**തീയതിയിലെ **2976387/Agri-A2/193/2024-Fin**നമ്പർ കുറിപ്പ് പ്രകാരം)

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Divia L
Date: 23-01-2025 11:44:17
സെക്ഷൻ ഓഫീസർ